വെളിച്ചത്തിന്റെ പോരാളികൾ
പൗലോ കൊയ്‌ലോ

ജനലക്ഷങ്ങളെ സ്വാധീനിച്ച വിശ്വോത്തര സാഹിത്യകാരൻ പൗലോ കൊയ്‌ലോയുടെ വിജയവിചാരണയുടെയും വിഖ്യാതചിന്തകളുടെയും മലയാള വിവർത്തനം. സ്വപ്നങ്ങളെ കൈപ്പിടിയിലൊതുക്കാനും പ്രതിസന്ധികളിൽ കാലിടറാതെ നീങ്ങാനും സഹായിക്കുന്ന തത്ത്വചിന്തകൾ. സംഘർഷങ്ങളെ പുഞ്ചിരിയോടെ വരവേറ്റ് ലക്ഷ്യത്തിലേക്കു കുതിച്ചുപായാൻ ഇതു സഹായിക്കും. ജീവിക്കുക, ജിവിച്ചിരിക്കുക എന്നതുതന്നെ വലിയൊരത്ഭുതമാണെന്ന് ഈ ഗ്രന്ഥം ഓർമ്മപ്പെടുത്തുന്നു. വെളിച്ചത്തിന്റെ ഉത്സവക്കാഴ്ചകളിലേക്ക് ജിവിതത്തെ ഇതു കൂട്ടിക്കൊണ്ടുപോകുന്നു.

വിവർത്തനം: ഫിലിപ്പ് എം. പ്രസാദ്

ഡി സി ബുക്സ്

ദർശനം

ISBN 978-81-264-1821-3

00005

9 788126 418213

₹ 160.00

പൗലോ കൊയ്‌ലോ • വെളിച്ചത്തിന

T8M4 COE/V
824

dcb

പൗലോ കൊയ്‌ലോ സാഹിത്യവിസ്മയങ്ങൾ മലയാളത്തിൽ ഒരു ലക്ഷം കോപ്പികൾ!

പൗലോ കൊയ്‌ലോ

PAULO COELHO

Manual of the Warrior of Light

വെളിച്ചത്തിന്റെ പോരാളികൾ

T8M4 COE/V
CASMTVK
824

dcb

T8M4 COE/V
CASMTVK
824

824

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 824 Call No.

This book should be returned on or before the date last given below.

16-032		
26 NOV 2016		
16-013		
11 MAR 2016		
RA02		
1/8/17		
17-040		
18 JAN 2018		
17-40		
1 FEB 2018		
16-048		
1 MAY 2018		
~~10 MAY 2018~~		

പൗലോ കൊയ്‌ലോയുടെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

നോവൽ
ആൽകെമിസ്റ്റ്
ഇലവൻ മിനിറ്റ്സ്
പോർട്ടോബെല്ലോയിലെ മന്ത്രവാദിനി
ഫിഫ്ത് മൗണ്ടൻ
വെറോനിക്ക മരിക്കാൻ തീരുമാനിക്കുന്നു
വിജയി ഏകനാണ്
സഹീർ
ബ്രിഡ
ചെകുത്താനും ഒരു പെൺകിടാവും
വാൽകൈറീസ്
പീദ്ര നദിയോരത്തിരുന്നു ഞാൻ തേങ്ങി
അലീഫ്

ദർശനം
വെളിച്ചത്തിന്റെ പോരാളികൾ
തീർത്ഥാടനം

ഫിലിപ്പ് എം. പ്രസാദ്

1947-ൽ പാലക്കാട്ട് ജനനം. തിരുവനന്തപുരത്തും പാലക്കാട്ടുമായി വിദ്യാഭ്യാസം. നിയമബിരുദത്തിനുവേണ്ടി പഠിക്കുന്ന കാലത്ത് നക്സലൈറ്റായി. 1968-ൽ തലശ്ശേരി പുൽപ്പള്ളി പൊലീസ് സ്റ്റേഷൻ ആക്രമണത്തിൽ പ്രതിയായി 7 വർഷം ജയിൽശിക്ഷ അനുഭവിച്ചു. തുടർന്ന് അഭിഭാഷകവൃത്തിയിൽ പ്രവേശിച്ചു. ഇപ്പോൾ തിരുവനന്ത പുരത്ത് അഭിഭാഷകൻ.

പൗലോ കൊയ്‌ലോ

വെളിച്ചത്തിന്റെ പോരാളികൾ

വിവർത്തനം
ഫിലിപ്പ് എം. പ്രസാദ്

ഡി സി ബുക്സ്

Original Portuguese Title
Manual Do Guerreiro Daluz
English Title
Manual of The Warrior of Light
Philosophy
by **Paulo Coelho**
Malayalam Title
Velichathinte Pōrālikal
Translated by **Philip M. Prasad**
© Paulo Coelho
This edition was published by arrangement with
Sant Jordi Associates, Barcelona, Spain
All Rights Reserved
First Published January 2008
5th impression June 2013

Cover Design
Papaya Media

Publishers
D C Books, Kottayam 686 001
Kerala State, India
Blog: www.dcbooks.com/blog
e-mail: customercare@dcbooks.com
Online Bookstore: www.dcbookshop.net

Distributors
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C Books Library Cataloguing in Publication Data
Coelho, Paulo.
Velichathinte poralikal/ Paulo Coelho;
Malayalam translation/Philip M. Prasad.
280p., 21cm.
ISBN 978-81-264-1821-3.
Malayalam translation of 'Manual of the warrior of light'
original in Portuguese 'Manual do guerreiro daluz'.
1. Portuguese philosophy. 2. Malayalam translations. I. Title. II. Title-English.
III. Title 2-Portuguese. IV. Philip. M. Prasad.
100—dc22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-1821-3

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS - The first Indian Book Publishing House to get ISO Certification

₹ 160.00

392/12-13-Sl.No. 12165-dcb 3743-(5)2000-3950-09-12-Spb. 18.1-p ht-r(t) pm-d(t) hm

College Of Avian Sciences & Management
LIBRARY

നിർമലമായി ഗർഭംധരിച്ച മേരിമാതാവേ,
നിന്നിലേക്ക് തിരിയുന്നവർക്കായി പ്രാർത്ഥിക്കുക.
ആമേൻ.

S.I.L.ന്, വേണ്ടി കർക്കശ അച്ചടക്കത്തിന്റെയും
കാരുണ്യത്തിന്റെയും ഗുരുനാഥന്മാരായ
കാർലോസ് എഡ്വർഡോ റേഞ്ചൽ
അന്നെ കരീരി എന്നിവർക്ക്

ഗ്രന്ഥകാരന്റെ കുറിപ്പ്

ഈ പുസ്തകത്തിന്റെ ആദ്യതാളുകളിൽ കാണുന്ന ആമുഖാഖ്യാനവും ഉപസംഹാരവും ഒഴികെ ഈ പുസ്തകം മുഴുവൻ 1993-നും 1996-നുമിടയ്ക്ക് ഫൽഹാ ദെ സാവോ പോളോ എന്ന പ്രസിദ്ധീകരണത്തിലെ 'മക്തൂബ്' എന്ന പംക്തിയിലും ബ്രസീലിലും മറ്റ് രാജ്യങ്ങളിലുമുള്ള ചില ദിനപത്രങ്ങളിലും മുമ്പ് പ്രസിദ്ധീകൃതമായതാണ്.

ഗുരുനാഥനുപരിയല്ല ശിഷ്യൻ; പക്ഷേ, പരിപൂർണ്ണനായിത്തീർന്ന തികഞ്ഞവൻ ഓരോരുത്തനും തന്റെ ഗുരുനാഥനെ പ്പോലെതന്നെയാകും.

ലൂക്കോസ് 6:40

ആമുഖാഖ്യാനം

''കടലോരത്തുനിന്ന് തെല്ല് ഉള്ളിലോട്ട് മാറി, ഗ്രാമത്തിന് അല്പം പടിഞ്ഞാറ്, ഒരു ദ്വീപ്. അതിൽ ധാരാളം മണികളുള്ള ഒരു വലിയ ക്ഷേത്രം.'' ആ സ്ത്രീ പറഞ്ഞു.

അസാധാരണവേഷം. തലയ്ക്ക് മുകളിലൂടെ ഒരു തുണി മൂടിയിരിക്കുന്നു. ഇതിന് മുമ്പൊരിക്കലും ഇവരെ കണ്ടിട്ടില്ലല്ലോ എന്ന് ബാലൻ ശ്രദ്ധിച്ചു.

''ആ ക്ഷേത്രം നീ സന്ദർശിച്ചിട്ടുണ്ടോ?'' അവർ ചോദിച്ചു. ''അവിടെ പോകണം. എന്നിട്ടെന്നോട് പറയണം, നീ അതിനെക്കുറിച്ച് എന്തു വിചാരിക്കുന്നുവെന്ന്?''

സ്ത്രീയുടെ സൗന്ദര്യത്താൽ വശീകരിക്കപ്പെട്ട് അവർ സൂചിപ്പിച്ച സ്ഥലത്തേക്കവൻ പോയി. അവൻ കടൽത്തീരത്ത് കുത്തിയിരുന്ന് ചക്രവാളത്തിലേക്ക് തുറിച്ചുനോക്കി. പക്ഷേ, ഇന്നലെവരെ കണ്ടിട്ടുള്ളതല്ലാതെ മറ്റൊന്നും അവൻ കണ്ടില്ല; നീലക്കടലും ചക്രവാളവും.

നിരാശനായി അവൻ അടുത്തുള്ള ഒരു മുക്കുവഗ്രാമത്തിലേക്ക് ചെന്നു. അവിടെയുള്ളവർക്കാർക്കെങ്കിലും ഇങ്ങനെയൊരു ദ്വീപും ക്ഷേത്രവും അറിയാമോ എന്ന് ചോദിച്ചു.

''ഓ, അതൊക്കെ വളരെ കൊല്ലങ്ങൾക്കുമുമ്പ് എന്റെ അപ്പനപ്പൂപ്പന്മാർ ജീവിച്ചിരുന്ന കാലം.'' ഒരു കിഴവൻ മുക്കുവൻ മൊഴിഞ്ഞു: ''ഒരു ഭൂകമ്പമുണ്ടായി. കടൽ ആ ദ്വീപിനെ വിഴുങ്ങിക്കളഞ്ഞു. ആ ദ്വീപ് ഇന്ന് നമുക്ക് കാണാൻ കഴിയില്ലെങ്കിലും ആഴങ്ങളിൽ സമുദ്രം ആലോലമാട്ടുമ്പോൾ, ആ ക്ഷേത്രമണികൾ മുഴങ്ങുന്നത് നമുക്ക് ഇപ്പോഴും കേൾക്കാം.''

ബാലൻ സമുദ്രതീരത്തിലേക്ക് മടങ്ങി ക്ഷേത്രമണിനാദങ്ങൾക്കുവേണ്ടി കാതോർത്തു. ഉച്ചയ്ക്കുശേഷം മുഴുവൻ അവൻ അവിടെ ചെലവഴിച്ചു. പക്ഷേ, കേട്ടത് തിരമാലകളുടെ ശബ്ദവും കടൽകാക്കകളുടെ കരച്ചിലും മാത്രം.

രാത്രിയായപ്പോൾ, അവന്റെ രക്ഷിതാക്കൾ അവനെ തിരഞ്ഞുവന്നു. പിറ്റേന്ന് രാവിലെ അവൻ കടൽത്തീരത്തേക്ക് മടങ്ങി. ഇത്രത്തോളം സുന്ദരിയായ ഒരു സ്ത്രീ അവനോട് കളവ് പറഞ്ഞിട്ടുണ്ടാകുമെന്ന് അവന് വിശ്വസിക്കാൻ കഴിഞ്ഞില്ല. അവർ എപ്പോഴെങ്കിലും തിരിച്ചുവരികയാണെങ്കിൽ, ആ ദ്വീപ് അവന് കാണാനായില്ലെങ്കിലും, തിരമാലകളുടെ ചലനം ക്ഷേത്രമണികളെ ആട്ടിവിട്ടതിന്റെ മുഴക്കം അവൻ കേട്ടുവെന്ന് അവരോട് പറയാമായിരുന്നു.

മാസങ്ങൾ കഴിഞ്ഞുപോയി. സ്ത്രീ വന്നതുമില്ല. ബാലൻ അവരെ തീർത്തും മറക്കുകയും ചെയ്തു. പക്ഷേ, കടലിനുള്ളിലാഴ്ന്നുപോയ ആ ക്ഷേത്രത്തിലെ ധനവും നിധികളും അവൻ കണ്ടെത്തേണ്ടതുണ്ടെന്ന് ഇപ്പോൾ അവന് ബോദ്ധ്യ